പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 506

29.06.2011 - ൽ മറുപടിയ്ക്ക്

## 'സർക്കാർ മെഡിക്കൽകോളേജ് ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി'

**ചോദ്യം**
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(എ) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളെ മികവിന്റെ കേന്ദ്രങ്ങളാക്കി സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കേന്ദ്ര സഹായമായി 100 കോടി രൂപയും സംസ്ഥാന വിഹിതമായി 20 കോടി രൂപയും ചെലവഴിച്ച് പുതിയ ഒ.പി. ബ്ലോക്കിന്റെയും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് ഐ.എം.സി.എച്ച്.ൽ 50 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ കേന്ദ്ര സഹായത്തോടെ നടത്തിയിട്ടുണ്ട്.

(ബി) സർക്കാർ ആശുപത്രികളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുവാനും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളുടെ ഭൗതിക സൗകര്യം വർദ്ധിപ്പിക്കുവാനും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാനും നടപടി സ്വീകരിച്ചു വരുന്നു. 64 ഡോക്ടർമാരുടെ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) ആരോഗ്യ മേഖലയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര സഹായം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കർമ്മ പദ്ധതിക്ക് രൂപം നൽകുമോ;

(സി) കേന്ദ്ര സഹായം ഫലപ്രദമായി വിനിയോഗിക്കുന്നതിന് കർമ്മ പദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു.

| | |
|---|---|
| (ഡി) ഗ്രാമ-നഗര ഭേദമന്യേ പദ്ധതികളുടെ ആരോഗ്യ മേഖലയെ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) നടപടി സ്വീകരിച്ചു വരുന്നു. നിലവിൽ 13-ാം ധനകാര്യകമ്മീഷൻ അവാർഡായി 5 ജില്ലകൾക്ക് കോളജുകൾക്കായി അനുവദിച്ച 4.75 കോടി രൂപ വിനിയോഗിച്ച് നവീകരണ പദ്ധതികൾ രൂപീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ